II ഇ.ബി. XIV-കേരള നിയമസഭ /II-12

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

35 (*451&*453) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെന്നും അർഹരായ മുൻഗണനാ/മുൻഗണനേതര കുടുംബങ്ങളെ കണ്ടെത്തൽ (identification of priority house holds); വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery); റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation); പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism);

എന്നീ പ്രധാന വ്യവസ്ഥകൾ പൂർത്തിയാക്കി നിയമം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നുവെന്നും സഭയെ അറിയിച്ചു. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനമുള്ളവർ എന്നിവരെ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കാനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ക്ലാസ് 4 തസ്തികവരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് സംസ്ഥാനതല റാങ്കിംഗ് നടത്തി പ്രസിദ്ധീകരിച്ചിട്ടുള്ള കരട് പട്ടികയിൽ ആക്ഷേപമുള്ളവർക്ക് നവംബർ 30 വരെ പരാതി സമർപ്പിക്കാൻ അവസരമുണ്ടെന്നും താലൂക്ക് സപ്ലൈ ഓഫീസിലും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റികളിലും പരാതി സമർപ്പിക്കാമെന്നും അപ്പലേറ്റ് അതോറിറ്റിയായി ജില്ലാ കളക്ടർ ചെയർമാനായ സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അർഹതപ്പെട്ടവർ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടില്ലെന്നും സോഷ്യൽ ഓഡിറ്റിന് വിധേയമായാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതെന്നും നിയമം നടപ്പിലാകുമ്പോൾ എ.എ.വൈ.

ഗുണഭോക്താക്കൾക്ക് സൗജന്യ നിരക്കിലും മുൻഗണനാ വിഭാഗക്കാർക്ക് ആളൊന്നിന് അഞ്ചുകിലോ വീതവും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുമെന്നും മുൻഗണനേതര വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കുമെന്നും റേഷൻ കടകളെ നവീകരിക്കുമെന്നും കൂടുതൽ ഭക്ഷ്യധാന്യ അലോട്ട്മെന്റിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ കാർഷികോത്പന്നങ്ങൾ നാണ്യവിളകൾ ആയതിനാൽ ഭക്ഷ്യധാന്യങ്ങളുടെ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിലേർപ്പെടുത്തിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം തകർക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

36 (*452) <u>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടണ്ണാണെന്നും മുൻഗണനാ വിഭാഗങ്ങൾക്ക് 10.25 ലക്ഷം മെട്രിക് ടൺ ആവശ്യമായി വരുമെന്നും ബാക്കിയുള്ള 4 ലക്ഷം മെട്രിക് ടൺ നിയമത്തിന്റെ പരിധിയിൽ വരാത്ത അർഹരായവർക്ക് വിതരണം ചെയ്യാനുള്ള വിതരണക്രമം

പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. വെൽഫെയർ പെർമിറ്റുകൾ പ്രകാരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങളായ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയ്ക്കും എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾ പ്രകാരം ജയിലുകൾ, പോലീസ് ക്യാമ്പുകൾ, ആശുപത്രികൾ തുടങ്ങിയവയ്ക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിക്കുകയാണെന്നും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും മുൻഗണനാ വിഭാഗക്കാർക്ക് NFSA നിരക്കിലാണോ സൗജന്യമായാണോ നൽകേണ്ടതെന്ന കാര്യം പരിശോധിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. ആധാർ സീഡിംഗിലൂടെ റേഷൻ കാർഡുവിതരണത്തിലെ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്നും മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി വെരിഫിക്കേഷൻ നടത്തുന്ന വിവരം സാധ്യമായ എല്ലാ സോഴ്സുകൾ ഉപയോഗിച്ചും ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് വെരിഫിക്കേഷൻ കമ്മിറ്റികൾ ക്രമീകരിച്ചിരിക്കുന്നതെന്നും ജില്ലാകളക്ടർ ചെയർമാനായി അപ്പീൽ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റികൾ തീർപ്പാക്കിയ പട്ടിക ഗ്രാമസഭ

മുമ്പാകെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ആറുമാസ കാലാവധി ആവശ്യപ്പെട്ടെങ്കിലും കരട് പട്ടിക പ്രകാരം അരി കൊടുത്തിരിക്കണമെന്ന കർശനമായ നിലപാടാണ് കേന്ദ്രം സ്വീകരിച്ചതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

37(*454) <u>വിദേശപണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, വിദേശപണ വരുമാനത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം വിലയിരുത്തിയിട്ടുണ്ടെന്നും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC) തയ്യാറാക്കിയ കണക്ക് പ്രകാരം 2016 ജൂൺ മാസം വരെ വിവിധ ബാങ്കുകളിലേയ്ക്ക് അയച്ച വിദേശപണം 1,42,669 കോടി രൂപയാണെന്നും സഭയെ അറിയിച്ചു. ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി നടത്തിയ വിലയിരുത്തൽ പ്രകാരം 2014-ൽ ഇരുപത്തിനാല് ലക്ഷം പ്രവാസി മലയാളികളുണ്ടെന്നും ഇവർ പ്രതിവർഷം ഏകദേശം ഒരു ലക്ഷത്തി മുപ്പതിനായിരം കോടി രൂപ ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്നുണ്ടെന്നും സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.ഡി.പി-ഗ്രോസ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ) നാല്പതു ശതമാനം പ്രവാസികളുടെ സംഭാവനയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. CDS- ന്റെ 2012-ലെ കേരളാ മൈഗ്രേഷൻ സർവ്വേയിൽ ഏറ്റവും കൂടുതൽ വിദേശ

മലയാളികളുള്ളതും കൂടുതൽ വിദേശപണം എത്തുന്നതും മലപ്പുറം ജില്ലയിലും കുറവ് ഇടുക്കി ജില്ലയിലുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരക്കുള്ള സമയത്ത് യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പരാതിയിൽ വിമാന യാത്രാക്കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ലെന്നും 1937-ലെ എയർക്രാഫ്റ്റ് റൂൾ പ്രകാരം യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരികയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പ്രവാസികൾക്കായി സമഗ്ര പുനരധിവാസ പദ്ധതി കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4094 മുതൽ 4364 വരെയുള്ള ചോദ്യങ്ങളിൽ 38 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)